ലക്കം 4 പുസ്തകം 5
ഏപ്രിൽ 2025

# ക്രിസ് വോയ്സ്

തിരുപുറം സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവക ബുള്ളറ്റിൻ




In loving memory of
Johnson & Helinal

## എഡിറ്റോറിയൽ ബോർഡ്

രക്ഷാധികാരി : റവ. ഫാ. ജിബിൻ രാജ്.
ചീഫ് എഡിറ്റർ : എസ്.ഒ.ഷാജികുമാർ
മാനേജിങ് എഡിറ്റർ : ബിബിൻ രാജ്

*എഡിറ്റേഴ്സ്*

സിസ്റ്റർ ലൗലി സിറിയക്ക്
അനൂപ് എ.സി.
അതുൽ പി.എസ്.
റോജിൻ ആർ.ബി.
അനൂപ് എസ്.എസ്.
എസ്. സുധ

*ലേഔട്ട് & ഡിസൈൻ*

അതുൽ പി.എസ്.




# എഡിറ്റേഴ്സ് വോയ്സ്

പ്രിയരേ,

ഒരു രാജ്യത്തെ ഒന്നിച്ച് നശിപ്പിക്കാൻ കരുത്തുള്ള ആറ്റംബോംബിനേക്കാൾ മാരക പ്രഹര ശേഷിയുള്ള ആധുനിക ലഹരി വസ്തുക്കളുടെ ഉപയോഗവും പ്രചാരവും നമ്മുടെ കൊച്ചു കേരളത്തിൽ പിടിമുറുക്കിയ അതീവ ഗുരുതരമായ വർത്തമാനകാലത്തിൽ ഭാവിതലമുറയെ രക്ഷിക്കേണ്ട ചുമതല കത്തോലിക്ക, സഭയ്ക്കും പ്രത്യേകിച്ച് പ്രതികരിക്കുന്ന സാമൂഹിക മുന്നേറ്റ ദൗത്യങ്ങളിൽ എന്നും മുന്നിൽ നിന്നിട്ടുള്ള, അധാർമികതയ്ക്കും അന്ധവിശ്വാസങ്ങൾക്കും അനീതിക്കുമെതിരെ എന്നും പോരാടിയിട്ടുള്ള, KCYM പോലുള്ള ധാർമിക യുവജന പ്രസ്ഥാനങ്ങൾക്കുമാണ്.

അധികാരത്തിന്റെ മറവിൽ അഴിമതിയും വർഗീയ ഫാസിസവും സ്വജനപക്ഷ പാദവും കൈമുതലാക്കി കേരളം പോലുള്ള ഉപഭോക് തൃ സംസ്ഥാനത്തെ തീരക്കടൽ ഖനനത്തിലൂടെയും പ്രകൃതി ചൂഷണത്തിലൂടെയും തൊഴിലാളി സമൂഹങ്ങൾക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും യുവജനങ്ങൾക്കും സാമൂഹ്യനീതിക്ക് അനുസൃതമായവ നൽകാതെ 'കടുംവെട്ടിലേക്ക്' കടന്നിരിക്കുന്ന വേളയിൽ മദ്യം,മയക്കുമരുന്ന് എന്നിവയുടെ വ്യാപാരവും വരുമാനസ്രോതസാക്കി മാറ്റിയിരിക്കുന്നു. മദ്യം,മയക്ക്മരുന്ന് എന്നിവ യഥേഷ്ടം ലഭ്യമാക്കി ഒരു സമൂഹത്തെ നശിപ്പിക്കുവാനും സ്ഥിരമായി അടിമത്തം ചൂഷണം എന്നിവ അടിച്ചേൽപ്പിക്കാനുള്ള ആസൂത്രിത ശ്രമത്തിന്റെ ഭാഗമായി മാത്രമേ നമുക്ക് അതിനെ കാണാൻ കഴിയുകയുള്ളൂ. കുടിലമായ ഇത്തരം സാമൂഹ്യ തിന്മയ്ക്കെതിരെയുള്ള പോരാട്ടത്തിൽ ക്രിസ്തു ജെറുസലേം ദൈവാലയം ശുദ്ധീകരിച്ച മാതൃകയിൽ നമുക്ക് ഒന്നിച്ച് നിൽക്കാൻ ഈ പരിശുദ്ധ നോമ്പ് കാലത്ത് പ്രതിജ്ഞയെടുക്കാം.

ചീഫ് എഡിറ്റർ

# താളുകൾ മറിക്കുമ്പോൾ


| NO | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ഇടയസ്വരം | 3 |
| 2 | ഉയിർപ്പ് | 3 |
| 3 | ശുഭ ചിന്ത ദൈവത്തിന്റെ കൈ | 4 |
| 4 | ക്രൂശിതൻ | 5 |
| 5 | രക്ഷകന്റെ കരങ്ങളിൽ | 6 |
| 6 | ക്രിസ് വോയ്സ് ക്വിസ് | 8 |
| 7 | ക്രിസ് വോയ്സ് ഉത്തരങ്ങൾ | 11 |
| 8 | കുടുംബയോഗങ്ങൾ | 13 |
| 9 | വരി തന്നവർ | 14 |
| 10 | വരവ് ചെലവ് | 15 |

# ഇടയസ്വരം



ഇടവക വികാരി
റവ. ഫാ. ജിബി ൻ രാജ്.


എന്തും ആരംഭിക്കുക എന്നത് എളുപ്പമുള്ളതും തുടർന്നുകൊണ്ട് പോവുക എന്നുള്ളത് ദുഷ്കരവുമാണ്. ക്ഷാര ബുധനിൽ ആരംഭിച്ച നോമ്പുകാലം ദു:ഖവെള്ളിയോട് കൂടെ അവസാനിക്കുന്നു. ആരംഭിച്ച പുണ്യ പ്രവൃത്തികളുടെ തുടർച്ച ഒരു പതിവായി എന്നും ജീവിതത്തിൽ ഉണ്ടാകട്ടെ. പതിവുകൾ പടവുകളായി പുരോഗതി പടുത്തുയർത്തുവാൻ ഈ നോമ്പുകാലം നിങ്ങളെ സഹായിക്കട്ടെ

# ഉയർപ്പ്



സിമി
പണ്ടാരത്തോട്ടം

ഏദനിൽ സുഖലോലുപതയിൽ കഴിഞ്ഞ ആദവും ഹവ്വയും. അവർക്ക് ഏദൻതോട്ടം നഷ്ടപ്പെടാൻ ഒരു മരമാണ് കാരണമായതെങ്കിൽ ആ മരക്കുരിശാൽ പാപങ്ങൾക്ക് പരിഹാരം ചെയ്തവൻ. ആ നസ്രായന്റെ കാൽപ്പാടുകൾ പിൻ ചെല്ലാൻ നാം ബാധ്യസ്ഥരാണ്. കാരണം നമുക്ക് വേണ്ടിയാണ് അവൻ പരിഹാസ്യനായത്. നമുക്ക് വേണ്ടിയാണ് അവൻ മുൾക്കിരീടം ഏറ്റുവാങ്ങിയത്. നമുക്ക് വേണ്ടിയാണ് അവൻ കുരിശു ചുമന്നത്. നമ്മുടെ പാപങ്ങൾക്ക് പരിഹാരം ആയാണ് അവൻ അവസാനം കാൽവരിയിൽ രക്തം ചിന്തിയത്.



സ്വയം ചെയ്ത തെറ്റിന് പരിഹാരമായല്ല. ഈശോയ്ക്ക് കാൽവരി കയറിയേണ്ടി വന്നത്. മനുഷ്യകുലത്തിന്റെ മുഴുവൻ പാപങ്ങൾക്ക് പരിഹാരം ആയി,, കുരിശു സ്വന്തമാക്കിയ ക്രിസ്തുനാഥൻ.

സ്വന്തം തെറ്റുകൾ പോലും അംഗീകരിക്കാതെ, അപരന്റെ വേദനകൾ കണ്ടില്ലെന്ന് നടിക്കുന്ന, കരുണ കാണിക്കേണ്ടിടത്ത് മുഖം തിരിക്കുന്ന്, ഇന്നിന്റെ ലോകത്ത് കുരിശിനെ നെഞ്ചോട് ചേർക്കാൻ നമുക്കാവുമോ? അപരന്റെ കണ്ണുനീർ തുടയ്ക്കാൻ നമുക്കാവുമോ? എന്നാൽ ഈശോയ്ക്ക് കഴിഞ്ഞു. പാപമേൽക്കാത്തവനെ കല്ലെറിഞ്ഞു കൊല്ലാൻ ഏൽപ്പിച്ചവരോട് ക്ഷമിക്കാൻ ഈശോയ്ക്ക് കഴിഞ്ഞു. സ്വന്തം കൈകൾ കഴുകി പാപക്കറ മായ്ക്കാൻ തുനിഞ്ഞവനോട് പൊറുക്കാൻ, മുൾക്കിരീടം ചാർത്തി ചോര ഒലിപ്പിച്ചവരോട് പുഞ്ചിരി തൂകാൻ, ചമ്മട്ടികളാൽ ശരീരത്തെ മുറിവേൽപ്പിച്ചവരോട് സഹതപിക്കാൻ, ഏറ്റവും ഒടുവിൽ പരിഹസിച്ചവന് പറുദീസ വാഗ്ദാനം ചെയ്യാൻ അവിടുത്തേക്ക് കഴിഞ്ഞു.

അതിനാൽ തന്നെയാണ് പ്രിയമുള്ളവരേ.ആ കുരിശു മരണത്തിന് മൂന്ന് ദിവസത്തെ ആയുസ്സ് മാത്രം നൽകി പിതാവായ ദൈവം അവിടത്തെ ഉയിർപ്പ് എന്ന മഹാത്ഭുതത്തിന് പാത്രമാക്കിയത്.

# ശുഭ ചിന്ത – ദൈവത്തിന്റെ കൈ



**അനൂപ് എ സി**
**കടവിള**

**കൊ**ച്ചിയിലെ അതി പ്രധാനമായ എം.ജി. റോഡിൽ വാഹനങ്ങൾ തലങ്ങും വിലങ്ങും ചീറിപ്പായുന്നു. റോഡ് കുറുകെ കടക്കാൻ ഞാൻ കാത്തു നിൽക്കുമ്പോൾ ഒരു കൊച്ചു സ്കൂൾ വിദ്യാർത്ഥി ഓടി വന്ന് എന്നോട് ചോദിച്ചു ‘ചേട്ടാ..... എന്നെകൂടി അപ്പുറത്തേക്ക് കടത്തിത്തരാമോ‘ ?


പുഞ്ചിരിച്ചു കൊണ്ട് ഞാൻ കൈ നീട്ടി. എന്റെ കയ്യിൽ തൂങ്ങി റോഡ് കടക്കുന്ന അവന്റെ മുഖത്തേക്ക് ഞാൻ നോക്കി. അവന്റെ കണ്ണുകളിൽ എന്തൊരു പ്രസരിപ്പ്! എത്ര ആത്മവിശ്വാസം! സുരക്ഷിതനാണെന്ന വികാരം മുഖത്തു എഴുതി വച്ചതു പോലെയുള്ള തിളക്കം

നോക്കൂ എന്റെ കയ്യിൽ മുറുകെ പിടിച്ചതുപോലെ തിരക്കിട്ട റോഡാണെന്ന ആശങ്ക തന്നെ അവനിൽ നിന്ന് അകന്നു. എന്നിൽ പൂർണമായി വിശ്വാസമർപ്പിച്ച് അവൻ പിന്നെ വെറുതെ നടക്കുകയാണ്. ഒരു ടെൻഷനും അവനെ ബാധിക്കുന്നതേയില്ല.



ദൈവത്തിൽ പൂർണമായി നമുക്ക് വിശ്വസിക്കാൻ കഴിയുമ്പോഴും സംഭവിക്കുന്നത് ഇത് തന്നെയല്ലേ? ഏതു പ്രതിസന്ധിയിലും ആശങ്കയില്ലാതെ മുന്നോട്ടു പോകാൻ ദൈവത്തിന്റെ തൃക്കരങ്ങളിൽ നമുക്കും മുറുകെ പിടിക്കാം....!

# ക്രൂശിതൻ



**എയ്ഞ്ചൽ മരിയ**

നമ്മുടെ രക്ഷക്കായി
നമ്മുടെ രക്ഷകൻ ഈശോ
തൻ ജീവൻ ബലികൊടുത്തു
ക്രൂശിൽ മരിച്ച ഈശോതൻ
മാറിൽ ആഞ്ഞാഞ്ഞു കുത്തുന്നു നാം

നമ്മെ സ്നേഹിച്ച ഈശോ
നാം തന്നെ ക്രൂശിലേറ്റി
ഈശോയേ, നിന്റെ മക്കളായ
ഞങ്ങൾക്ക് മാപ്പ് നൽകീടേണമേ
അങ്ങയുടെ പ്രിയാമക്കളായി
ഞങ്ങളെ എന്നും ചേർത്തു നിർത്തീടേണമേ



# രക്ഷകന്റെ കരങ്ങളിൽ



**കവിത രഘു**
**പുന്നയ്ക്കാവിള**



**നേ**രം സന്ധ്യയോട് അടുക്കുകയാണ് ആ അമ്മയും രണ്ടു മക്കളും വിവാഹ ആഘോഷം നടക്കുന്ന പള്ളി ലക്ഷ്യമാക്കി നടക്കുന്നു. വളരെ വേഗം നടക്കാൻ അമ്മ മകനോടും മകളോടും പറഞ്ഞു. എന്നാൽ ചുറ്റിലുമുള്ള കാഴ്ചകൾ കണ്ടു കളിച്ചു രസിച്ചാണ് മേഖലയുടെയും അനീഷിന്റെയും നടപ്പ്. പള്ളിയിലെത്തിയപ്പോൾ പരിശുദ്ധ കുർബാന ആരംഭിച്ചതേയുള്ളൂ. മൂവരും ആരാധനയിൽ ഭക്തിപൂർവ്വം പങ്കെടുത്ത് കുർബാന സ്വീകരിച്ചു. അതിനുശേഷം തൊട്ടടുത്ത ആഡിറ്റോറിയത്തിൽ നടക്കുന്ന വിവാഹ സൽക്കാര വേദിയിൽ എത്തി അവിടെ ഗാനമേളയും ആഘോഷങ്ങളും നടക്കുകയാണ് ഭക്ഷണം കഴിച്ച് കഴിച്ച് അവർ പുറത്തിറങ്ങിയപ്പോൾ സമയം വല്ലാതെ വൈകി.

വിവാഹത്തിൽ പങ്കെടുക്കാൻ എത്തിയ സകലരും അവിടെ നിന്ന് പോയി. എന്തായാലും തന്റെ ഭർത്താവിനെ വിളിക്കാം എന്ന് കരുതിയ അനിത തന്റെ പേഴ്സിൽ നിന്ന് ഫോൺ എടുത്ത് വിളിക്കാൻ തുടങ്ങി. എന്നാൽ എത്ര ശ്രമിച്ചിട്ടും സിഗ്നൽ കിട്ടുന്നില്ല. അവസാനം തന്റെ പേഴ്സിൽ വണ്ടിക്ക് കൊടുക്കാൻ പൈസയുണ്ടോ എന്ന് നോക്കിയപ്പോഴാണ് പൈസ എടുക്കാൻ മറന്ന കാര്യം അവൾ അറിയുന്നത്. മൂന്ന് ജപമാലയും ഒരു ബൈബിളും ഒരു ഫോണും മാത്രമാണ് കയ്യിലുള്ളത്. എന്തായാലും നടന്നു തന്നെ തിരിച്ചു വീട്ടിലേക്ക് പോകാം എന്ന് കരുതിയ അനിത അനീഷിന്റെയും മേഖലയുടെയും കഴുത്തിൽ ജപമാല ഇട്ടു കൊടുത്തിട്ട് പറഞ്ഞു 'ഒരു കാരണവശാലും ഇത് നഷ്ടപ്പെടരുത്'. വേഗം നടക്കാം എന്നാലേ ഇനി രക്ഷയുള്ളൂ.കർത്താവിനെ മനസ്സിൽ പിടിച്ചു കൊണ്ട് മൂവരും വീട് ലക്ഷ്യമാക്കി നടക്കാൻ തുടങ്ങി.

മുന്നിൽ കുറ്റാക്കൂരിരുട്ട് കയ്യിലുള്ള മൊബൈൽ ഫോണിന്റെ വെളിച്ചത്തിലാണ് മൂവ്വരുടെ നടപ്പ് വഴിയിൽ വൈദ്യുത തൂണുകൾ ഉണ്ടെങ്കിലും ഒന്നിലും ലൈറ്റ് പ്രകാശമോ ഇല്ല. തങ്ങൾ നടക്കുന്നത് ശരി

ക്കുള്ള വഴിയിൽ അല്ല എന്ന് തോന്നൽ അവരെ അലട്ടാൻ തുടങ്ങി. മുന്നിലൊന്നും വീടോ മനുഷ്യരെയോ കാണാനില്ല. ഈ യാത്രയുടെ അവസാനം എവിടെയെത്തുമെന്നും അറിയില്ല. മരങ്ങളും കുറ്റിച്ചെടികളും ഉള്ള വഴിയിലൂടെയാണ് ഇപ്പോൾ നടക്കുന്നത്. ചുറ്റിലും പേടിപ്പെടുത്തുന്ന ശബ്ദങ്ങൾ കാറ്റിനു പോലും പൈശാചിക ഗന്ധം. മേഘയും അനീഷും ഭയന്നുവിറച്ച് അമ്മയെ കെട്ടിപ്പിടിച്ച് പതിയെ ശബ്ദം ഉണ്ടാക്കാതെ നടക്കുകയാണ്.

അനിതയുടെ മനസ്സും ഭയത്താൽ നിറഞ്ഞിരിക്കുകയാണ് തിരിച്ചു പോയാലോ എന്നവൾ പലവട്ടം ആലോചിച്ചതാണ്. പക്ഷേ എങ്ങനെ പോകും ഒരുപാട് ദൂരം പിന്നിട്ടിരിക്കുന്നു. ഒന്നും സംഭവിക്കില്ല ജപമാല കഴുത്തിൽ അണിഞ്ഞിരിക്കുന്നതിനാൽ അമ്മ സംരക്ഷിച്ചു കൊള്ളുമെന്നവൾ മക്കളോട് പറഞ്ഞു എന്നാലും അവളുടെ മനസ്സ് നിറയെ ഭയത്തിന്റെ അഗ്നി ജ്വാലകൾ കത്തിപ്പടരുകയാണ്. മൊബൈൽ ഫോണിന്റെ ചാർജും തീരാറായി ഇനി മുന്നോട്ടോ പിന്നോട്ടോ പോകാനും കഴിയില്ല ബൈബിൾ കയ്യിലെടുത്ത അനിത ഒരു നിമിഷം അവിടെ നിന്ന് കർത്താവിനെ വിളിച്ച് പ്രാർത്ഥിച്ചു. മേഘയും അനീഷും അതിനിടയിൽ അനിതയെ വിളിച്ചിട്ട് പറഞ്ഞു.

'അമ്മേ അതാ അങ്ങോട്ടു നോക്കൂ അവിടെ ഒരു വീട് കാണുന്നുണ്ട് അവിടെ ലൈറ്റ് ഇട്ടിട്ടുണ്ട്'. അനിത അതിശയത്തോടെ അങ്ങോട്ട് നോക്കി കുറച്ചകലെയായി ഒരു ടെറസ് കെട്ടിടം അവിടെ ഒരു ബൾബ് കത്തിക്കിടക്കുന്നു. എന്തായാലും ഇന്നിവിടെ കഴിയാം എന്ന് ചിന്തിച്ചു. അവൾ മക്കളെയും കൂട്ടി അങ്ങോട്ട് നടന്നു. പക്ഷേ അവിടമാകെ മുൾച്ചെടികൾ ആയിരുന്നു കൈകളും കാലുകളും ചെറുതായി മുറിഞ്ഞെങ്കിലും അതൊന്നും വകവയ്ക്കാതെ അവർ ആ വീട് ലക്ഷ്യമാക്കി നടന്നു. വീടിന്റെ മുറ്റവും മുൾചെടികൾ നിറഞ്ഞു കിടക്കുകയാണ് ആ വീട്ടിൽ ആരും താമസമുള്ളതായി അനിതയ്ക്ക് തോന്നിയില്ല.

എന്നാലും രാത്രി കഴിച്ചുകൂട്ടാൻ ഇവിടെ നല്ലതാണെന്ന് കരുതിയ അവൾ വരാന്തയിലേക്ക് മക്കളുമായി കയറി. ചുറ്റിലുമുള്ള നിശബ്ദത അവരെ വല്ലാതെ ഭയപ്പെടുത്തി. ആ വീടിന്റെ വാതിൽ അല്പം തുറന്നു കിടക്കുകയാണ്, ഭയം കാരണം വരാന്തയുടെ ഒരു മൂലയിൽ അവളും മക്കളും നിശബ്ദരായി ഇരുന്നു. അപ്പോഴാണ് അകത്തെ സംസാരം അവൾ ശ്രദ്ധിച്ചത് ' ഈ നാശങ്ങൾ ജപമാലയും ബൈബിളുമായി ഇവിടേക്ക് വന്നിരിക്കുന്നത് നമ്മളെ നശിപ്പിക്കാൻ ആയിരിക്കും തീർച്ച '. അവൾ ഇരുന്നിടത്തിരുന്നുകൊണ്ട് തന്നെ പതിയെ അകത്തേക്ക് നോക്കി. അപ്പോൾ അവിടെ അതാ ഒരു ഭീകര രൂപം. അത് തങ്ങളെ തന്നെ നോക്കിയിരിക്കുകയാണെന്ന് അവൾക്ക് തോന്നി ആ രൂപം ഒറ്റ

യ്ക്കല്ലെന്നും ആ രൂപത്തിനടുത്ത് വേറെയും രൂപങ്ങൾ ഉണ്ടെന്നും അവൾക്ക് മനസ്സിലായി. അകലെ എവിടെയോ നായ്ക്കൾ കുരയ്ക്കുന്നത് അസഹ്യമായി അവൾക്ക് തോന്നി. മൂന്നുപേരുടെയും മനസ്സും ശരീരവും ഭയത്താൽ വിറയ്ക്കുന്നുണ്ടായിരുന്നു.

*തുടരും.......*

# ക്രിസ് വോയ്സ് ക്വിസ്സ് 2025

**ടെസ്റ്റ് പേപ്പർ : 5**

## <u>വ്യവസ്ഥകൾ</u>

1) ഏപ്രിൽ 18 വെള്ളിയാഴ്ച്ച വൈകുന്നേരം 7:00 PMന് മുമ്പായി പാരിഷ്ഹാളിന്റെ ലെറ്റർ ബോക്സിൽ നിക്ഷേപിക്കുകയോ ഇടവകവികാരിയെ ഏൽപ്പിക്കുകയോ ചെയ്യുക

2) ഒന്ന്,രണ്ട് സ്ഥാനക്കാർക്ക്) സമ്മാനങ്ങൾ നൽകുന്നു (ഒന്നിലധികം പേർ ഒരേ മാർക്കിൽ വന്നാൽ നറുക്കെടുപ്പിലൂടെ വിജയികളെ പ്രഖ്യാപിക്കുന്നതാണ്)

3) ഒരു ഭവനത്തിൽ നിന്ന് ഒരാൾ മാത്രമേ മത്സരിക്കാവു

# ന്യായാധിപന്മാർ 11– 21, കൂട്ടായ്മ ബോധിനി

1. ദാൻകാർ പുതുക്കിപ്പണിത പട്ടണം ഏത്?
2. ഒരു പൂജാഗൃഹം ഉണ്ടായിരുന്നത് ആർക്ക്?
3. സാംസൺ കഴുതയുടെ താടിയെല്ല് എറിഞ്ഞു കളഞ്ഞ സ്ഥലത്തിന് ലഭിച്ച പേര് ?
4. ജഫ്താ എത്ര വർഷമാണ് ഇസ്രായേലിൽ ന്യായപാലനം നടത്തിയത് ?
5. ജഫ്തായുടെ പിതാവ് ആരായിരുന്നു ?
6. മിക്കാ ഉണ്ടാക്കിയ വസ്തുക്കളോടൊപ്പം അവന്റെ——യും ദാൻകാർ കൊണ്ടുപോയി ?
7. 'നമ്മിൽ ആരും നമ്മുടെ പെൺകുട്ടികളെ ബഞ്ചമിൻ ഗോത്രക്കാർക്ക് വിവാഹം ചെയ്തു കൊടുക്കുകയില്ല' എന്ന് ഇസ്രായേൽക്കാർ ശപഥ ചെയ്തത് എവിടെ വച്ചാണ് ?
8. അധിവസിക്കാൻ അവകാശഭൂമി അന്വേഷിച്ച ഗോത്രം ?
9. സാംസണിന്റെ കാലത്ത് ഇസ്രായേലിന്റെ മേൽ ആധിപത്യം പുലർത്തിയിരുന്നതാര് ?
10. കർത്താവിന് നേർച്ച നേർന്നതാര് ?

11. 'നീ പറയുന്നത് പോലെ ഞങ്ങൾ ചെയ്യും' നീ ആര്? ഞങ്ങൾ ആര്?
12. ഇസ്രായേലിൽ ഒരു ഗോത്രം മൺമറഞ്ഞു പോകാതിരിക്കാൻ ബഞ്ചമിൻ ഗോത്രത്തിൽ അവശേഷിച്ചിരുന്നവർക്ക്——വേണം ?
13. ഇസ്രായേൽ ജനവും ബഞ്ചമിൻ ഗോത്രവും തമ്മിലുള്ള യുദ്ധം എത്ര ദിവസം നീണ്ടുനിന്നു ?
14. സാംസനെ എന്ത് ചെയ്യുമ്പോഴാണ് ദുർബലനായി മറ്റാരെയും പോലെ ആകും എന്ന് പറയുന്നത് ?
15. കഴുതയുടെ താടിയെല്ല് എടുത്ത് സാംസൺ എത്ര ഫിലിസ്ത്യരെ കൊന്നു ?
16. ജഫ്താ ഗിലയാദുകാരെയെല്ലാം ഒന്നിച്ചുകൂട്ടി ആർക്കെതിരായി യുദ്ധം ചെയ്തു ?
17. ആർക്കെതിരെ യുദ്ധം ചെയ്യാനാണ് ഗിലയാദിലെ ശ്രേഷ്ഠന്മാർ ജഫ്തായെ കൂട്ടിക്കൊണ്ടുവന്നത് ?
18. ലായിഷ് പട്ടണത്തിന്റെ പുതിയ പേര് എന്ത് ?
19. ഇസ്രായേൽക്കാരും പതിയിരുപ്പുകാരും അടയാളമായി പട്ടണത്തിൽ ഒരു——ഉയർത്തണമെന്ന് തമ്മിൽ പറഞ്ഞൊത്തിരുന്നു ?
20. ഒരു ലേവ്യനെ പുരോഹിതനായി ലഭിച്ചതാർക്ക് ?
21. സാംസൺ പട്ടണ പടിപ്പുരയുടെ വാതിൽ കട്ടിളക്കാലോട് കൂടെ പറിച്ചെടുത്ത് തോളിൽ വച്ച് കൊണ്ടുപോയത് എവിടെ ?
22. ഇസ്രായേലിൽ 10 വർഷം ന്യായപാലനം നടത്തിയ എലോൻ ഏത് ദേശക്കാരനാണ് ?
23. സോറായ്ക്കും എഷ്താവോലിനും മധ്യേയുള്ള പ്രദേശം ?
24. ബഞ്ചമിൻ ഗോത്രത്തിൽ ശേഷിച്ചവർ തിരിഞ്ഞു മരുഭൂമിയിൽ ——പാറയിലേക്കോടി ?
25. എവിടത്തെ യുവതികൾ നൃത്തം ചെയ്യാൻ വരുന്നത് കാണുമ്പോഴാണ് അവരെ പിടിച്ചു ബഞ്ചമിൻ ദേശത്തേക്ക് പോകുവിൻ എന്ന് ഇസ്രായേൽജനം പറഞ്ഞത് ?
26. ദേശം നിരീക്ഷിക്കാൻ പോയ ദാൻ ഗോത്രക്കാർ ആരുടെ വീട്ടിൽ എത്തി ?
27. 'ഷിബ്ബോലത്ത്' എന്ന് ശരിയായി ഉച്ചരിക്കാതെ കൊല്ലപ്പെട്ട എഫ്രായിംകാർ എത്ര പേരാണ് ?
28. സാംസൺ പറഞ്ഞ കടംകഥയുടെ ഉത്തരം എത്ര ദിവസത്തിനകം ആണ് പറയേണ്ടിയിരുന്നത് ?
29. ബഞ്ചമിൻ ഗോത്രക്കാരോട് യുദ്ധം ചെയ്യാൻ തങ്ങളിൽ ആരാണ് ആദ്യം പോകേണ്ടത് എന്ന് ദൈവത്തോട് ആരായാൻ ഇസ്രായേൽ ജനം എത്തിയത് എവിടെ ?
30. യുദ്ധത്തിൽ പരാജയപ്പെട്ട ബഞ്ചമിൻ ഗോത്രത്തിലെ ബാക്കിയുള്ളവരെ ഇസ്രായേൽക്കാർ എവിടെ വരെ അനുധാവനം ചെയ്തു ?

31. ബഞ്ചമിനെ ശിക്ഷിക്കാനായി ഒത്തുചേർന്ന ഖഡ്ഗധാരികളുടെ കാലാൾപടയിൽ എത്ര പേരുണ്ടായിരുന്നു ?
32. എവിടത്തെ ജനങ്ങളാണ് സുരക്ഷിതരും പ്രശാന്തരും നിർഭയരുമായി കാണപ്പെട്ടത് ?
33. ഇസ്രായേൽ എത്ര വർഷത്തേക്കു ഫിലിസ്ത്യരുടെ കൈകളിൽ ഏൽപ്പിക്കപ്പെട്ടു ?
34. ഇസ്രായേൽ ഹെഷ്ബോണിലും അരോവറിലും അർനോണിലും താമസിച്ചത് എത്ര വർഷം ?
35. സാംസൺ എവിടെ വച്ചാണ് ഫിലിസ്ത്യ യുവതിയെ കണ്ടുമുട്ടിയത് ?
36. സമൂഹം മുഴുവൻ ഒന്ന് ചേർന്ന് ബെഞ്ചമിൻ ഗോത്രക്കാരുടെ അടുക്കൽ ആളയച്ച്——നടത്തി ?
37. അയൽവാസികളെ ഒന്നിച്ചുകൂട്ടി ദാൻകാരെ പിന്തുടർന്ന മിക്ക എന്തുകൊണ്ടാണ് വീട്ടിലേക്ക് മടങ്ങിയത് ?
38. വയലിലെ വേല കഴിഞ്ഞു മടങ്ങി വരികയായിരുന്ന വൃദ്ധൻ ഏതു ദേശക്കാരനായിരുന്നു ?
39. സാംസന്റെ ശക്തി അവനെ വിട്ടു പോയത് എപ്പോഴാണ് ?
40. പർവ്വതങ്ങളിൽ സഖിമാരോടൊപ്പം താമസിച്ച് തന്റെ കന്യാത്വത്തെപ്പറ്റി വിലപിച്ചതാര് ?
41. കർത്താവിന്റെ ദൂതൻ ബലിപീഠത്തിലെ അഗ്നി ജ്വാലയിലൂടെ ഉയർന്നു പോയപ്പോൾ മനോവയും ഭാര്യയും എന്ത് ചെയ്തു ?
42. ജീവിക്കാൻ പറ്റിയ ഒരു സ്ഥലം അന്വേഷിച്ചു പോയതാര് ?
43. മനോവയും ഭാര്യയും അർപ്പിച്ച ബലികൾ ഏവ ?
44. ദൈവം ലോഹിയിൽ പൊള്ളയായ ഒരു സ്ഥലം തുറന്നപ്പോൾ എന്തു സംഭവിച്ചു ?
45. ഫിലിപ്പിസ്ത്യ നേതാക്കന്മാർ സാംസനെ വശീകരിക്കാൻ ദലീലയ്ക്ക് എന്ത് കൊടുക്കാമെന്നാണ് പറഞ്ഞത് ?
46 കൂദാശകളുടെ കൂദാശ എന്നറിയപ്പെടുന്നത് എന്ത് ?
47. പഴയനിയമത്തിന്റെയും പുതിയ നിയമത്തിന്റെയും കേന്ദ്രബിന്ദുവായി നിലകൊള്ളുന്നത് എന്താണ് ?
48. സഭയുടെ മൂന്നു തലങ്ങളിലുള്ളവർ തമ്മിലുള്ള ബന്ധത്തെയാണ് പുണ്യവാൻമാരുടെ ഐക്യം എന്നു പറയുന്നത്. ഏതെല്ലാമാണ് മൂന്ന് തലങ്ങൾ ?
49. അനുദിന ജീവിതത്തിലെ പ്രശ്നങ്ങൾ വിവേകപൂർവ്വം കൈകാര്യം ചെയ്യുന്നതിന് സഹായകരമായ സൂക്തങ്ങളുടെ സമാഹാരമാണ്——?
50. 'ദൈവഭക്തിയാണ് ജ്ഞാനത്തിന്റെ ഉറവിടം ' അദ്ധ്യായം? വാക്യം?

# ക്രിസ് വോയ്സ് ക്വിസ്
# ടെസ്റ്റ് പേപ്പർ 4–ന്റെ ഉത്തരങ്ങൾ

1. സഭ (1:23)
2. വിജാതീയർ (4:18)
3. വചനം (6:19)
4. മാതാവിനെയും പിതാവിനെയും ബഹുമാനിക്കുക (6:3)
5. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ (4:30)
6. വി. പൗലോസ് (3:1)
7. കാലത്തിന്റെ പൂർണ്ണതയിൽ (1:10)
8. വ്യാജം (4:25)
9. ക്രിസ്തുവിന്റെ സ്നേഹം (3:19)
10. കർത്താവായ യേശുക്രിസ്തുവിനെ സ്നേഹിക്കുന്ന എല്ലാവർക്കും (6:24)
11. ഇല്ലാത്തവനുമായി പങ്കുവയ്ക്കാൻ (4:28)
12. വഞ്ചന നിറഞ്ഞ ആസക്തികൾ (4:22)
13. ദൈവത്തിന്റെ കൃപാവരത്താൽ (3:7)
14. ജ്ഞാനത്തിന്റെയും വെളിപാടിന്റെയും (1:17)
15. ദൈവത്തിന്റെ (4:24)
16. വി. പൗലോസിന് (3:3)
17. പ്രകാശത്തിന്റെ (5:9)
18. വിശുദ്ധർക്കും (6:18)
19. ക്രിസ്തുവിന്റെ ദാനത്തിന് (4:7)
20. സത്പ്രവർത്തികൾ (2:10)
21. കരുണാ സമ്പന്നനായ ദൈവം (2:4)
22. ആത്മാവിന്റെ ഐക്യം (4:3)
23. കൃതജ്ഞത സ്തോത്രം (5:4)
24. സൂര്യൻ അസ്തമിക്കുന്നത് വരെ (4:26)
25. വിശ്വാസം (3:12)
26. ക്രിസ്തു (2:20)
27. രക്ഷ (1:7)
28. വക്രതയാർന്ന ഉപദേശം (4:14)
29. അനുസരണം ഇല്ലാത്ത (5:6)
30. വിശ്വാസത്തിന്റെ പരിച (6:16)
31. ദാസന്മാർ (6:6)
32. നിങ്ങൾക്ക് ലഭിച്ച വിളിക്ക് (4:1)
33. വിശ്വാസം വഴി കൃപയാൽ (2:8)
34. വിനയം, ശാന്തത, ദീർഘക്ഷമ (4:2)
35. വിജാതീയർ (4:17)

36. മഹത്വത്തിന്റെ സമൃദ്ധി (1:18)
37. ക്രിസ്തുവിലൂടെ (1:9)
38. തിന്മയുടെ (4:20)
39. ദൈവത്തിന്റെ എല്ലാ ആയുധങ്ങളും (6:11)
40. പരിശുദ്ധാത്മാവ് (1:14)
41. ക്രിസ്തുവിന്റെ രഹസ്യം (3:5)
42. സാത്താന് (4:27)
43. ഏശ 26:19 (5:14)
44. വി. പൗലോസ് (6:20)
45. കൽപ്പനകളുടെയും ചട്ടങ്ങളുടെയും ആധിപത്യം
46. 12 ആം പീയൂസ്  (കൂട്ടായ്മ ബോധിനി, പേജ് 111)
47. നൂർസിയായിലെ വി. ബനഡിക്ട (കൂട്ടായ്മ ബോധിനി, പേജ് 112)
48. ഏഴുതവണ (കൂട്ടായ്മ ബോധിനി, പേജ് 51)
49. ക്രിസ്തു ജീവിക്കുന്നു (കൂട്ടായ്മ ബോധിനി, പേജ് 56)
50. 2024 (കൂട്ടായ്മ ബോധിനി, പേജ് 56)

# ക്രിസ് വോയ്സ് ക്വിസ്<br>ടെസ്റ്റ് പേപ്പർ 4–ൽ ഒന്നും,രണ്ടും<br>സ്ഥാനങ്ങൾ നേടിയവർ

<u>ഒന്നാം സ്ഥാനം നേടിയവർ</u>

**സരിത ഓ.**
**രമണി റോസ്**
**ലിലി കെ.**
**രജനി എസ്. റ്റി.**

<u>രണ്ടാം സ്ഥാനം നേടിയവർ</u>

**സുധ എസ്.**
**ഷീജാബെറ്റി**
**ബീനാഷാജി ഡി.**
**ജ്യോത്സന ജെ. എൽ.**
**ആരോൺ എസ്. അലോഷ്യസ്**
**ഷീബറാണി ആർ. എം.**

# മാർച്ച് മാസത്തെ ബി.സി.സി. കുടുംബയോഗങ്ങൾ

| NO | യൂണിറ്റ് | ദിവസം | സമയം | ഭവനം |
|---|---|---|---|---|
| 1 | താഴയ്ക്കാമണ്ണടി | 13/04/2025<br>27/04/2025 | 6 : 00 PM<br>6 : 00 PM | സജിൻ<br>ചെല്ലയ്യൻ |
| 2 | ചില്ലിൻവിള | 12/04/2025<br>27/04/2025 | 6 : 00 PM<br>6 : 30 PM | ചന്ദ്രൻ<br>വസന്ത |
| 3 | വലിയവിള | 06/04/2025<br>26/04/2025 | 5 : 30 PM<br>5 : 30 PM | സുശീല<br>തോമസ് ഉപദേശി |
| 4 | പ്ലാന്തോട്ടം | 13/04/2025<br>27/04/2025 | 6 : 00 PM<br>6 : 00 PM | ജോളി<br>സോണി |
| 5 | മോന്തിവിള | 13/04/2025<br>27/04/2025 | 6 : 30 PM<br>6 : 30 PM | ഗോപി<br>സജി |
| 6 | കാരയ്ക്കാവിള | 03/04/2025<br>27/04/2025 | 5 : 00 PM<br>5 : 00 PM | ചന്ദ്രൻ<br>ജോൺസൺ |
| 7 | പണ്ടാരത്തോട്ടം | 12/04/2025<br>27/04/2025 | 6 : 00 PM<br>6 : 00 PM | രാജു<br>ശ്യാമള |
| 8 | മണ്ണക്കല്ല് | 12/04/2025<br>27/04/2025 | 6 : 30 PM<br>6 : 30 PM | പൊന്നയ്യൻ<br>വിജയകുമാർ |
| 9 | പുത്തൻകട | 13/04/2025<br>27/04/2025 | 6 : 00 PM<br>6 : 00 PM | ബിജു<br>സലിം |
| 10 | മുടന്താന്നി | 12/04/2025<br>26/03/2025 | 6 : 00 PM<br>6 : 00 PM | പൊന്നയ്യൻ<br>പ്രേംകുമാർ |
| 11 | മണലിക്കടവ് | 12/04/2025<br>27/04/2025 | 6 : 00 PM<br>6 : 00 PM | ഐവിൻ ജോസ്<br>രമേശൻ |
| 12 | മലഞ്ചരിക് | 13/04/2025<br>27/04/2025 | 6 : 00 PM<br>6 : 00 PM | അനിൽ<br>പ്രശാന്ത് |
| 13 | പഴയകട | 13/04/2025<br>27/04/2025 | 6 : 00 PM<br>6 : 00 PM | സൈമൺ<br>ബാബു |
| 14 | പട്ട്യക്കാല | 06/04/2025<br>27/04/2025 | 6 : 00 PM<br>6 : 00 PM | സുനിൽ കുമാർ റ്റി.<br>ജോണി |
| 15 | കുളങ്ങരവിള | 12/04/2025<br>26/04/2025 | 6 : 00 PM<br>6 : 00 PM | ഗ്രേസി<br>സുമി |

| | | | | |
|---|---|---|---|---|
| 16 | **പള്ളിമന** | 14/04/2025<br>27/04/2025 | 6 : 00 PM<br>6 : 00 PM | ബാബുരാജ്<br>രാജൻ |
| 17 | **കടവിള** | 13/04/2025<br>27/04/2025 | 6 : 00 PM<br>6 : 00 PM | ചന്ദ്രിക<br>വിജയകുമാർ |
| 18 | **പുന്നയ്ക്കാവിള** | 03/04/2025<br>27/04/2025 | 6 : 00 PM<br>6 : 00 PM | സുലോചന<br>മേരി സെലിൻ |

# 2025 ഫെബ്രുവരി മാസം വരിതന്നവരുടെ പേരുവിവരം

| | | |
|---|---|---|
| 1 | ജസ്റ്റിൻരാജ്, പട്ട്യക്കാല | 5000 |
| 2 | വിൻസെന്റ്, മണലിക്കടവ് | 150 |
| 3 | ജിനിൽ . ആർ,ചില്ലിൻവിള | 5000 |
| 4 | സത്യൻ,മുടന്താന്നി | 200 |
| 5 | സാദാനന്ദൻ, പള്ളിമന | 600 |
| 6 | രാജൻ, പള്ളിമന | 5000 |
| 7 | പീറ്റർ, കാരയ്ക്കവിള | 3000 |
| 8 | നോബിൾ രാജ് ടി. എൽ., പുത്തൻകട | 500 |
| 9 | അനിൽകുമാർ എസ്.എൽ.,മണലിക്കടവ് | 100 |
| 10 | അനീഷ്കുമാർ, താഴയ്ക്കാമണ്ണടി | 100 |
| 11 | ശ്രീകുമാർ,താഴയ്ക്കാമണ്ണടി | 300 |
| 12 | ജോണി, കുളങ്ങരവിള | 1300 |
| 13 | ജസ്റ്റിൻ ഗ്രെയ്സ്,കുളങ്ങരവിള | 1000 |
| 14 | മധു, പുന്നായ്ക്കാവിള | 300 |
| 15 | ലില്ലിപുഷ്പം,പുന്നായ്ക്കാവിള | 200 |
| 16 | ചെല്ലക്കുട്ടൻ, പഴയകട | 3000 |
| 17 | പ്രവീൺകുമാർ,താഴയ്ക്കാമണ്ണടി | 6000 |
| 18 | ബിജുക്കുമാർ, മണലിക്കടവ് | 4000 |
| 19 | കൃഷ്ണൻ നാടാർ,മണലിക്കടവ് | 370 |
| 20 | പ്രേംകുമാർ,മുടന്താന്നി | 50 |
| 21 | അഖിൽ ബി. ഷാജി,പഴയകട | 1000 |
| 22 | സജി ജി., കടവിള | 5000 |
| 23 | അനിൽ, മോന്തിവിള | 200 |
| 24 | പുഷ്പാകരൻ,മോന്തിവിള | 100 |
| 25 | രാജൻ, മോന്തിവിള | 250 |
| 26 | ഷാജി,പട്ട്യക്കാല | 1050 |
| 27 | അഖിൽ ടി. എൽ., പ്ലാന്തോട്ടം | 250 |
| 28 | സിബി ടി. എസ്., കുളങ്ങരവിള | 150 |
| 29 | അശോക് കുമാർ, മലഞ്ചെരിക് | 2000 |
| 30 | സുരേഷ് ജെ., പുന്നയ്ക്കാവിള | 500 |
| 31 | അരുൺ റോസ് ജെ. എസ്., കാരയ്ക്കാവിള | 5000 |
| 32 | രാജേഷ് കുമാർ, മണലിക്കടവ് | 200 |
| 33 | ബിജു, കടവിള | 720 |
| 34 | സുകു, പുന്നയ്ക്കാവിള | 3000 |
| 35 | ചിക്കു, ചില്ലിൻവിള | 1000 |
| 36 | അജയാക്ഷൻ, പുത്തൻകട | 1000 |



തിരുപുറം വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിയ സ്നേഹഭവന സന്ദർശനം



നെയ്യാറ്റിൻകര ലത്തീൻ രൂപതയിലെ കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിൽ നിന്നും മികച്ച അധ്യാപികക്കുള്ള അവാർഡ് നേടിയ പേയാട് സെൻറ് സേവ്യേഴ്സ് ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പാൾ സുധ ടീച്ചറിനെ കെ.എൽ.സി.ഡബ്ല്യു.എ ആദരിച്ചപ്പോൾ

# തിരുപുറം സെന്റ് സേവ്യേഴ്സ് പള്ളിയിൽ
# അവധിക്കാല ക്യാമ്പ്

**ഏപ്രിൽ 2 മുതൽ മെയ് 24 വരെ**
**10 am - 4 pm**

കുട്ടികളിലെ നൈസർഗികമായ സർഗാത്മകതയെയും അറിവിനെയും തൊട്ടുണർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി അവധിക്കാല ക്യാമ്പ് സംഘടിപ്പിക്കുന്നു.

പ്രവേശനം

1-ാം ക്ലാസ്സ് മുതൽ 9-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക്

ഫീസ് : Rs.**500/-**

**അഡ്മിഷൻ ഫീസ് : Rs.100/-**
**അഡ്മിഷൻ സമയം : 23 ഞായർ, 30 ഞായർ**
(കുർബാനയ്ക്ക് ശേഷം)

- ഭാഷ
- സാഹിത്യം
- സംഗീതം
- നൃത്തം
- അഭിനയം
- ചിത്രകല
- പൊതുവിജ്ഞാനം
- അബാക്കസ്

എന്നീ വിഷയങ്ങളിൽ വിദഗ്ദ്ധർ നേതൃത്വം നൽകുന്ന ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്

കൂടുതൽ വിവരങ്ങൾക്ക് :

| ഫാ. ജിബിൻ രാജ് | ലിനിറ്റ | സജിത | രമണി റോസ് |
|---|---|---|---|
| 8547966562 | 9846873261 | 9048572264 | 9061449387 |

# ഗവ.ജോലിക്ക്
# ഗവ. അംഗീകൃത കോഴ്സുകൾ

# PGDCA , DCA
# Data Entry, DTP
# CTTC, Web Designing
# Auto CAD, Accounting
# SAP, Digital Marketing

കോഴ്സുകൾ
ബുധനാഴ്ച രാവിലെ 10 മണിക്ക്
ആരംഭിക്കുന്നു


**Cybo TECH**
COMPUTERS

ബസ് സ്റ്റാൻഡ് ജംഗ്ഷന് സമീപം
**കോൺവെന്റ് റോഡ്,നെയ്യാറ്റിൻകര**
**ഫോൺ. 8281105686, 9446903873**



ലാപ്ടോപ്
ബാഗ് സൗജന്യം

**അവധിക്കാല കമ്പ്യൂട്ടർ കോഴ്സുകൾ**
**ഏപ്രിൽ 2 ന് ആരംഭിക്കുന്നു**





ആൻ മരിയ എസ്. രാജ്
ക്ലാസ് : 6

വിസ്മയ വി. എസ്.
കടവിള







## കവർ പേജ് വരച്ചത്
## അരുൺ എസ്,
## തഴയ്ക്കമെണ്ണടി



Zac Arts Institution
ACTIVITIES
Drawing
Colouring
Games and puzzles
Craft making
Cinematic dance
Classical dance
Semi classical dance
Violin
Keyboard
ACADEMIC ACTIVITIES
STEM Education
Spoken english
Home tuition
Public speaking
Confidence building
Activities
നിങ്ങളുടെ കുട്ടികളുടെ അവധിക്കാലം വിനോദമാക്കുവാൻ Zac Arts ഒരുക്കുന്നു സമ്മർ വെക്കേഷൻ ക്ലാസുകൾ
FROM APRIL
TIME 9AM TO 4PM
Zac Arts Institution Pazhayakada, Opposite of bus stop, Neyyattinkara road
For more details : 8111829266 , 7012147064




നെയ്യാറ്റിൻകര രൂപതയുടെ വിവിധ സമിതികളുടെ നേതൃത്വ നിരയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പ്രിയ ഇടവകാംഗങ്ങൾക്ക് ഇടവക കുടുംബത്തിന്റെ അഭിനന്ദങ്ങൾ
എസ്. ഓ. ഷാജികുമാർ
(കെ.എൽ.സി.എ. രൂപത സെക്രട്ടറി)
സി.റ്റി. അനിത
(കെ.എൽ.സി.എ.രൂപത വൈസ് പ്രസിഡന്റ്)
അരുൺ രാജ്
(കെ.സി.വൈ.എം. സംസ്ഥാന സെനറ്റ് മെമ്പർ)

ഇംഗ്ലീഷ് മരുന്നുകൾ
ഏറ്റവും വിലക്കുറവിൽ....

# ആശ്വാസ്®
കമ്മ്യൂണിറ്റി ഫാർമസി

H.O: Aswas Life Care, Trivandrum. PH: 90 6155 6155

## പഴയകട ജംഗ്ഷൻ 9947 69 1787

**ഇംഗ്ലീഷ് മരുന്നുകൾക്ക് 15% മുതൽ 65% വരെ വിലക്കുറവ്**

**ഇൻസുലിൻ മരുന്നുകൾ 20% മുതൽ 30% വരെ വിലക്കുറവ്**

ജനറിക് മരുന്നുകൾ, ആയുർവേദ മരുന്നുകൾ, സർജിക്കൽ പ്രോഡക്ടുകൾ വൻ വിലക്കുറവിൽ

മരുന്നുകൾ
വാട്സാപ്പിലൂടെ.....

HOME DELIVERY



FREE HOME DELIVERY
9947 69 1787



ഇൻസുലിൻ മരുന്നുകൾ 99 രൂപ മുതൽ

# Aswas Diagnostics ലബോറട്ടറി

അന്നപൂർണ്ണ സൂപ്പർമാർക്കറ്റിന് എതിർവശം, പൂവ്വാർ റോഡ്,
**പഴയകട.** 89435 53955 M: adpazhayakada@gmail.com
H.O: 9048455556

*Your trusted health partner*

**എല്ലാ ലാബ് ടെസ്റ്റുകൾക്കും 10% മുതൽ 30% വരെ വിലക്കുറവ്**

**വിവിധ ഹെൽത്ത് ടെസ്റ്റ് പാക്കേജുകൾ വൻ ഡിസ്കൗണ്ടിൽ**



ഹോം
ബ്ലഡ് കളക്ഷൻ
സൗകര്യം ലഭ്യമാണ്.

- എ.എൽ.സി അക്രഡിഷൻ
- ആവർത്തിച്ച് ഉറപ്പുവരുത്തിയ റിസൾട്ട്
- ഓട്ടോമാറ്റിക് അനലൈസർ
- മെഷീൻസിൽ നിന്നു നേരിട്ടുള്ള റിസൾട്ട് പ്രിന്റിംഗ്
- പരിചയസമ്പന്നരായ ജീവനക്കാർ
- ബി.പി ചെക്കിംഗ്, വെയിറ്റ് ചെക്കിംഗ് സൗജന്യം